# ഫ്ളാഷ്ബാക്ക്

S J H S S NEWS BULLETIN - RELEASED BY BLUE HOUSE


## വിദ്യാരംഭത്തിന് കൊടിയേറി



03.06.2024

സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂളിൽ 2024 2025 അധ്യയന വർഷത്തെ പ്രവേശനോത്സവം തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായ മെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തു ദാസ് പിതാവ് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ. ഫാ. ജെറോം അൽഫോൺസ് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. സുനിൽ കുമാർ മൊറായിസ്, ഹെഡ്മാസ്റ്റർ ശ്രീ. ഷമ്മി ലോറൻസ്, പി ടി എ പ്രസിഡന്റ് ഡോ. പ്രേംകുമാർ എന്നിവർ സന്നിഹിതരായി. അഞ്ചാം ക്ലാസ്സിലെ കുട്ടികളും അധ്യാപകരും ചേർന്ന് ദീപം തെളിച്ചാണ് വിദ്യാരംഭത്തിന് തുടക്കം കുറി ച്ചത്. തുടർന്ന് കുട്ടികളുടെ കലാമികവുകൾ അരങ്ങേറി. ഈ അധ്യയനവർഷത്തിൽ പുതിയതായി മൂന്നൂറോളം വിദ്യാർത്ഥികൾ അഡ്മിഷൻ എടുത്തു.





# എന്റെ ഭൂമി... എന്റെ പ്രകൃതി

05.06.2024

ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂളിൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതിദിനാഘോഷം സംഘടിപ്പിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ മാനേജർ റവ. ഫാ. ജെറോം അൽഫോൺസ് അധ്യക്ഷത വഹിച്ചു. ഇക്കൊല്ലത്തെ പരിസ്ഥിതി ദിനാഘോഷം ഉദ്ഘാടനം ചെയ്തത് ശ്രീകാര്യം എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ഹരികുമാർ ആർ. ആയിരുന്നു. വിദ്യാർഥികളിൽനിന്നു ശേഖരിച്ച ആയിരത്തിലധികം പ്ലാസ്റ്റിക് പേനകൾ ഹരിതകർമസേനക്ക് നൽകിക്കൊണ്ട് സെന്റ് ജോസഫ്സ് സ്കൂൾ മാതൃകയായി. സയൻസ്ക്ലബ് കൺവീനർ ശ്രീമതി വിജി. എ. കൃതജ്ഞത അർപ്പിച്ചു. സ്കൂൾ ക്യാമ്പസിൽ നാട്ടുചെടിപൂന്തോട്ടം ഉദ്ഘാടനം ചെയ്തു.











# വായനദിനം: സംസ്ഥാനതല ഉദ്ഘാടനം സെന്റ് ജോസഫ്സ് സ്കൂളിൽ




19.06.2024

പി.എൻ.പണിക്കരുടെ ചരമദിനത്തോടനുബന്ധിച്ച് നടത്തുന്ന വായനദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ചു.

ആധുനിക ലോകത്തിൽ നാം ഡിജിറ്റൽ വായനയിലേക്ക് മാറുന്ന സാഹചര്യമുണ്ട്. അക്കാദമിക വിഷയങ്ങൾക്കൊപ്പം വിദ്യാർത്ഥികളിൽ വായന വളർത്തുന്നത് വിമർശന ചിന്തയും പ്രശ്ന പരിഹാര ശേഷിയും സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും വളർത്തുന്നതിന് സഹായിക്കും. ഗ്രന്ഥശാലാ പ്രസ്ഥാനത്തിലൂടെ വായനയെ ജനകീയമാക്കിയ പി.എൻ. പണിക്കരുടെ ഓർമയ്ക്കായി ആചരിക്കുന്ന വായനദിനത്തിൽ വിദ്യാർത്ഥികൾ അവരുടെ വായനാനുഭവങ്ങൾ പങ്കുവച്ചു.

മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് ജേതാവും നമ്മൂടെ സ്കൂളിലെ അധ്യാപകനുമായ ശ്രീ. ജോയ് ജോണിനെ ചടങ്ങിൽ ആദരിച്ചു.

വായനദിനത്തിൽ എല്ലാവരും വായന ദിനപ്രതിജ്ഞ പുതുക്കി.












## ലഹരി വിരുദ്ധരാകാം .... നല്ലഭാവിക്കായ് ....



26.06.2024

സ്കൂൾ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക്ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

ലഹരിയുടെ ഉപയോഗം ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നുവെന്നും അതിനെ എങ്ങനെ തരണം ചെയ്യണമെന്നുമുള്ള തിരിച്ചറിവ് ഹെഡ്മാസ്റ്റർ ശ്രീ. ഷമ്മി ലോറൻസ് വിവരിച്ചു. ഹയർ സെക്കൻഡറി വിഭാഗം ഇംഗ്ലീഷ് അധ്യാപകൻ ശ്രീ. ബിജു ഡൊണാൾഡും മാസ്റ്റർ സിദ്ധാർത്ഥും തമ്മിൽ അഭിമുഖം നടത്തി.





ലഹരി മരുന്ന് ഉപയോഗത്തെ തുടർന്ന് ശാരീരികമായും മാനസികമായും നേരിടുന്ന പ്രശ്നങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവയുൾപ്പെടെ വിനാശകരമായ പ്രത്യാഘാത ങ്ങളെക്കുറിച്ച് അ വബോധം വളർത്തുകയാണ് ഈ ദിനം ലക്ഷ്യമിടുന്നത്. 'കണ്ടെത്തലുകൾ വ്യക്തമാണ്: പ്രതിരോധത്തിൽ ഊന്നൽ നൽകുക' എന്നതാണ് ഈ വർഷത്തെ പ്രമേയം.

പൂർവവിദ്യാർത്ഥി ആസിഫ് മാജിക് ഷോ യിലൂടെ വിദ്യാർത്ഥികൾക്ക് ലഹരി വിരുദ്ധ സന്ദേശം നൽകി. വിദ്യാർത്ഥികൾ അവത രിപ്പിച്ച ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊ ള്ളുന്ന നൃത്തം പ്രധാന ആകർഷകങ്ങ ളിൽ ഒന്നായിരുന്നു.





## കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം

06.06.2024

കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമാ യി യു.എസ്. ഗവൺമെന്റിന്റെ പ്രതിനിധികളായ ശ്രീമതി. ലൗറ റാംകോർ, ശ്രീമതി. ക്രിസ്റ്റീന ലോറൻസ് എന്നിവർ സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂൾ സന്ദർശിച്ചു. മൂന്നു ദിവസം നീണ്ടു നിന്ന ഈ പരിപാടിയുടെ ആദ്യ ദിനത്തിൽ സാംസ്കാരിക തനിമയുണർത്തുന്ന ഹൃദ്യമായ വരവേൽപ്പാണ് ഇരുവർക്കും നല്കി യത്. വിദ്യാർത്ഥികൾ മലയാളത്തിൽ സ്വാഗതം കൈപിടിച്ച് എഴുതിപ്പിച്ച് അവരെ വരവേറ്റു. അ തിഥികൾക്ക് മലയാളം ലിപി പരിചയപ്പെടാനു ള്ള സുവർണാവസരം ഇതിലൂടെ ഒരുക്കി .





രണ്ടാം ദിനം സ്കൂൾ ഗ്രൗണ്ടിൽ വോളിബോൾ സൗഹൃദ മത്സരം സംഘടിപ്പിച്ചു. ഇന്ത്യൻ വിദ്യാ ഭ്യാസ രീതിയെ കുറിച്ച് ചർച്ച ചെയ്യുന്ന ഒരു സിമ്പോസിയവും സംഘടിപ്പിച്ചിരുന്നു. വികാരി ജനറൽ മോൺസിഞ്ഞോർ യൂജിൻ എച്ച്. പരേര, സഹായമെത്രാൻ റവ. ഫാ. ഡോ. ക്രിസ്തുദാസ്, സ്കൂൾ മാനേജർ റവ. ഫാ. ജെറോം അൽഫോ ൺസ്, പ്രിൻസിപ്പൽ ഡോ. സുനിൽ കുമാർ മൊ റായിസ്, ഹെഡ് മാസ്റ്റർ ശ്രീ. ഷമ്മി ലോറൻസ്, തുടങ്ങിയവർ സന്നിഹിതരായി.











# സ്കൂൾ പാർലമെന്റ് ഇലക്ഷൻ

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂളിൽ പാർലമെന്റ് ഇലക്ഷൻ സംഘടിപ്പിച്ചു. കുട്ടികളിൽ ജനാധിപത്യ ബോധം വളർത്തുന്നതിനും വോട്ടിംഗിന്റെ ഘട്ടങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിനുമായിരുന്നു ഇത്. കൺവീനർ ശ്രീ. എച്ച്. ഡറൻസ് നേതൃത്വം നൽകി. ഇലക്ഷനിൽ വിദ്യാർത്ഥികളുടെ പൂർണമായ പിന്തുണ ഉണ്ടായിരുന്നു. ആദ്യമായി വോട്ട് രേഖപ്പെടുത്തിയതിന്റെ ആനന്ദവും അഭിമാനവും കുട്ടികളിൽ പ്രകടമായിരുന്നു. 99% പോളിംഗ് രേഖപ്പെടുത്തിയതായി സോഷ്യൽ സയൻസ് ഡിപ്പാർട്ട്മെന്റ് മേധാവി ശ്രീ. ശ്യാം സക്കറിയ അറിയിച്ചു. തികച്ചും പൊതുതെരഞ്ഞെടുപ്പ് മാതൃകയിൽ വോട്ടെടുപ്പ് നടത്തുകയും വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു.

# ഭാഷാശ്രേഷ്ഠ പുരസ്കാരം



22.06.2024

സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂൾ മലയാള വിഭാഗം മേധാവിയായിരുന്ന ഗിൽബർട്ട് സാറിന്റെ സ്മരണാർത്ഥം ഭാഷാ ശ്രേഷ്ഠ പുരസ്കാരം നൽകി വരുന്നു . വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഭാഷാപരമായ മികവ് കണ്ടെത്തി ആദരിക്കുക എന്നതാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം. കഥപറച്ചിൽ, സംഭാഷണരചന, തുടങ്ങി ഭാഷയുടെ വിവിധ മേഖലകളിൽ മത്സരങ്ങൾ നടത്തി. വിദ്യാർത്ഥികൾക്ക് കഴിവ് തെളിയിക്കാനുള്ള സുവർണാവസരത്തിന് നേതൃത്വം നൽകിയത് മലയാളം അധ്യാപകൻ ശ്രീ. ആന്റണി ബായി ആയിരുന്നു.

ഒന്നാം സമ്മാനം കാർമെൽ ജി.എച്ച്.എസ്. എസ്. നേടി. രണ്ടും മൂന്നും സമ്മാനങ്ങൾ യഥാക്രമം സെന്റ്. മേരീസ് പട്ടവും, സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളും നേടി. ഭാഷാ ശ്രേഷ്ഠ പുരസ്കാര സമർപ്പണം മലയാളത്തിന്റെ പ്രമുഖ കവി ശ്രീ. മുരുകൻ കാട്ടാക്കട നിർവഹിച്ചു.









## ഹയർ സെക്കൻഡറി വിഭാഗം പ്രവേശനോത്സവം

24. 06. 2024

സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി വിഭാഗത്തിന്റെ പ്രവേശനോത്സവം സംഘടിപ്പിച്ചു. രാവിലെ 10 മണിക്ക് ആരംഭിച്ച യോഗത്തിൽ പ്രിൻസിപ്പൽ ഡോ. സുനിൽ കുമാർ മൊറായിസ് സ്വാഗതം ആശംസിച്ചു. സ്കൂൾ മാനേജർ റവ. ഫാ. ജെറോം അൽഫോൺസ് അധ്യക്ഷത വഹിച്ചു. മുഖ്യാതിഥിയായി എത്തിയത് Stition inc സ്ഥാപകനും സി ഇ ഒ യും പൂർവ്വവിദ്യാർത്ഥിയും കൂടിയായ ശ്രീ. മുഹീദ് ഹംസക്കുട്ടി ആയിരുന്നു. ഹെഡ്മാസ്റ്റർ ശ്രീ. ഷമ്മി ലോറൻസ്, പിടിഎ പ്രസിഡന്റ് ശ്രീ. ഡോ. പ്രേംകുമാർ, സ്റ്റാഫ് സെക്രട്ടറി ശ്രീ. ജസ്റ്റിൻ ജോർജ്ജ് എന്നിവർ ആശംസകൾ അറിയിച്ചു. ഹയർസെക്കൻഡറി വിഭാഗം കോഓർഡിനേറ്റർ ശ്രീ. റോയ് പാട്രിക് കൃതജ്ഞത അർപ്പിച്ചു




## ആവേശത്തോടെ 'ക്ലബ് ഉദ്ഘാടനം'






2024 25 അധ്യയന വർഷത്തെ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം ആവേശകരമായി. പ്രശസ്ത സിനിമാതാരവും സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയുമായ ശ്രീ. മിഥുൻ ജയശങ്കർ ഉദ്ഘാടനം നിർവ്വഹിച്ചു. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറിയ വേദിയെ ഇളക്കി മറിച്ചത് മുഖ്യാതിഥി തന്നെ ആയിരുന്നു.


















# SJHSS PTA MERIT AWARD 2024



26-07-24

2023-2024 അധ്യയന വർഷത്തിൽ എസ്. എസ്. എൽ. സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്  നേടിയ 71 വിദ്യാർത്ഥികളെയും പ്ലസ് ടൂ പരീക്ഷ യിൽ 90% ൽ കൂടുതൽ മാർക്ക് വാങ്ങിയ 84 വിദ്യാർത്ഥികളെയും ആദരിച്ചു.

പി ടി എ പ്രസിഡന്റ് ഡോ. പ്രേംകുമാറി ന്റെ അധ്യക്ഷതയിൽ ചേർന്ന അസം ബ്ളിയിൽ പ്രിൻസിപ്പൽ ഡോ. സുനിൽ കുമാർ മൊറായ്സ് സി. സ്വാഗതം ആ ശംസിച്ചു.  തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സർജറി വിഭാഗം പ്രൊഫ സറും സെന്റ് ജോസഫ്സിലെ പൂർവ്വ വിദ്യാർത്ഥിയുമായ ഡോ. ജോബി ജോൺ മുഖ്യ പ്രഭാഷണം നടത്തി. വിജയികൾക്ക് പുരസ്കാരം നൽകി ആദരിച്ചു.  സ്കൂൾ മാനേജർ റവ. ഫാ. ജെറോം അൽഫോ ൺസ്, ഹെഡ്മാസ്റ്റർ ശ്രീ. ഷമ്മി ലോറ ൻസ്, സ്റ്റാഫ് സെക്രട്ടറി ജസ്റ്റിൻ ജോർജ് എന്നിവർ ആശംസകൾ നേർന്നു. പി ടി എ ജോയിന്റ്സെക്ര ട്ടറി ശ്രീമതി ഷീജ പി. കൃതജ്ഞത പറഞ്ഞു. പി ടി എ അംഗങ്ങളും അധ്യാപകരും വിദ്യാർ ത്ഥികളും രക്ഷിതാക്കളും ചടങ്ങിനു സാക്ഷ്യം വഹിച്ചു.







# സ്കൂൾ ശാസ്ത്രമേള

09-08-2024




ശാസ്ത്രമേളയോടനുബന്ധിച്ച് സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ എക്സിബിഷൻ സംഘടിപ്പിച്ചു. ജീവശാസ്ത്രം, ഗണിതം, രസതന്ത്രം, ഊർജതന്ത്രം, സാമൂഹ്യ ശാസ്ത്രം എന്നീ വിഭാഗങ്ങൾ ചേർന്നാണ് പ്രദർശനം നടത്തിയത്. കൺവീനർ ശ്രീമതി ഐഡ മേരി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. മെഡിക്കൽ കോളേജ്, മരിയൻ എഞ്ചിനീയറിംഗ് കോളേജ്, പാപ്പനംകോട് എഞ്ചിനീയറിംഗ് കോളേജ്, സയൻസ് & ടെക്നോളജി മ്യൂസിയം എന്നീ സ്ഥാപനങ്ങൾ ഒരുക്കിയ സ്റ്റാളുകളും 12D - 3D ഷോകളും സ്പോർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ എ ഐ ക്യാമറയുടെ ഡെമോൺസ്ട്രേഷനും കുട്ടികൾ ക്ലാസ്സ്മുറികളിൽ ഒരുക്കിയ എക്സിബിഷനുകളും വളരെ വിജ്ഞാനപ്രദമായ കാഴ്ചകളും അനുഭവങ്ങളും കുട്ടികൾക്ക് നല്കി.


































# ഓണം വന്നല്ലോ... ഊഞ്ഞാൽ ഇട്ടല്ലോ






30.08.2024

**സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂളിൽ പൊന്നോണക്കാലം....**

ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും ഓർമകൾ വിളിച്ചുണർത്തുന്ന ഈ ഓണക്കാലം ആഘോഷമാക്കാൻ എത്തിയ വിശിഷ്ടാതിഥി ഏഷ്യാനെറ്റ് ന്യൂസ് റിപ്പോർട്ടറും പൂർവ്വവിദ്യാർത്ഥിയുമായ ശ്രീ. അനൂപ് ബാലചന്ദ്രൻ ആയിരുന്നു. പുലികളിയുടെയും ചെണ്ട മേളത്തിന്റെയും അകമ്പടിയോടെയെത്തിയ മഹാബലിയും വാമനനും വിദ്യാർത്ഥികൾക്ക് ആവേശം പകരുന്ന കാഴ്ചയായിരുന്നു. സെന്റ് ജോസഫ്സിന്റെ ചരിത്രത്തിൽ ആദ്യമായി അധ്യയനദിവസം വിദ്യാർത്ഥികൾ കളർ ഡ്രസ്സ് ധരിച്ചെത്തിയതും കൗതുകമുള്ള കാഴ്ചയായിരുന്നു. വേദിയിലുണ്ടായിരുന്ന വിശിഷ്ടാതിഥികൾ ഓണത്തിന്റെ നനുത്ത ഓർമകൾ പങ്കുവച്ചു. പായസം ആസ്വദിച്ചും തുമ്പിതുള്ളിയും വിദ്യാർത്ഥികൾ ഓണാഘോഷം സജീവമാക്കി.










# കായികോത്സവം

## ആവേശമുണർത്തിയ കായികമേളക്ക് അഭിമാനതാരത്തിന്റെ സാന്നിധ്യം......

തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വിവിധ ക്ലബ്ബുകളുടെ മാർച്ച് പാസ്റ്റോടു കൂടി കായികമേളയ്ക്ക് തിരിതെളിഞ്ഞു. കായികമേള ഉദ്ഘാടനം ചെയ്യാനെത്തിയത് ഒളിമ്പ്യൻ കെ. എം ബീനമോൾ ആയിരുന്നു. മുഖ്യാതിഥി ശ്രീമതി. ബീനമോൾ തന്റെ കായിക ജീവിതത്തിന്റെ ആരംഭത്തെ കുറിച്ചും ഹൈറേഞ്ച് ജീവിതത്തെ കുറിച്ചും കുട്ടികളോട് വാചാലയായി. ഇന്ത്യയുടെ മുൻ രാജ്യാന്തര കായികതാരമാണ് കലയത്തും കുഴി മാത്യൂസ് ബീനമോൾ എന്ന കെ. എം. ബീനമോൾ. പി.ടി ഉഷക്കും, ഷൈനി വിൽസണും ശേഷം ഒളിമ്പിക്സിൽ സെമി ഫൈനലിൽ എത്തിയ ഇന്ത്യൻ അത്‌ലറ്റ് ആണ്. 2002ലെ ബുസാൻ ഏഷ്യൻ ഗെയിംസിൽ രണ്ടു സ്വർണ മെഡലുകളും ഒരു വെള്ളി മെഡലും നേടി. 2000ലെയും 2004ലെയും ഒളിമ്പിക്സുകളിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു.

കായിക മത്സരങ്ങൾ സ്റ്റേഡിയത്തിന്റെ പല ഭാഗത്തായി ഒരേ സമയം നടത്തി. ശ്രീമതി. ബീനമോൾ, പ്രിൻസിപ്പൽ സുനിൽ കുമാർ ഡോ. മൊറായിസ്, ഹെഡ്മാസ്റ്റർ ശ്രീ. ഷമ്മി ലോറൻസ്, സ്കൂൾ മാനേജർ റവ. ഫാ. ജെറോം അൽഫോൺസ് തുടങ്ങിയവർ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു.
















## റാങ്ക് ജേതാക്കൾക്ക് ആദരവ്

30082024

ഫസ്റ്റ് മിഡ് ടേം പരീക്ഷയിൽ റാങ്ക് നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. ഓരോ ക്ലാസിലും ആദ്യ അഞ്ച് സ്ഥാനങ്ങൾ നേടിയ  നൂറ്റിഇരുപത്തഞ്ചോളം വിദ്യാർത്ഥികളെയാണ് സമ്മാനങ്ങൾ നൽകി ആദരിച്ചത്.

നമ്മുടെ പൂർവ വിദ്യാർത്ഥി, ഇരുപതു വർഷം എയർ ഫോഴ്സ് സർവീസിന്  ശേഷം  കാനറാ ബാങ്കിൽ സേവനം ചെയ്തുവരുന്ന പ്രശസ്ത പർവ്വതാരോഹകൻ ശ്രീ. അനിൽ കണ്ണാങ്കൽ  മുഖ്യാതിഥിയായിരുന്നു. സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട ചടങ്ങിൽ വിശിഷ്ടതിഥിയായ ശ്രീ. അനിൽ കണ്ണാങ്കലിനെ പൂർവവിദ്യാർത്ഥി സംഘടനാപ്രതിനിധികൾ ആദരിക്കുകയുണ്ടായി. ഹെഡ്മാസ്റ്റർ ശ്രീ. ഷമ്മി ലോറൻസ്, മാനേജർ റവ. ഫാ. ജെറോം അൽഫോൺസ് സീനിയർ അധ്യാപകൻ ശ്രീ റെജിമോൻ ഡി. എന്നിവർ സന്നിഹിതരായിരുന്നു












Editorial Board


AKASH J. (12 H)
HOUSE CAPTAIN (HSS)


AARYADATHAN R. P. (8C)
HOUSE CAPTAIN (HS)


CHRISTAVIO LOUIS (7C)
HOUSE CAPTAIN (UP)


AANI ARUL  A.
NEWS WRITER


GIGI JUSTUS
HOUSE MISTRESS (UP)


MARY H.
HOUSE MISTRESS (UP)


SOJAN V. OOMMEN
HOUSE MASTER (HSS)


STALIN G. A.
HOUSE MASTER (HS)